(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഇറച്ചിക്കോഴികൾക്ക് നികുതി ചുമത്തൽ

5 (*211) ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തമിഴ്നാട്ടിൽനിന്നും വാഹനങ്ങളിൽ കൊണ്ടുവരുന്ന ഇറച്ചിക്കോഴികൾക്ക് ഏതെങ്കിലും നികുതി ചുമത്തുന്നുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) കേരളത്തിൽ ഉല്പാദിപ്പിക്കുന്ന ഇറച്ചിക്കോഴികൾക്ക് ഏതെങ്കിലും ഘട്ടത്തിൽ നികുതി നൽകേണ്ടതായിട്ടുണ്ടോ ;

(സി) മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഇറച്ചിക്കോഴികളെ ഇറക്കുമതി ചെയ്യുന്നത് കേരളത്തിലെ കോഴികൃഷിയെ ദോഷകരമായി ബാധിക്കുന്നു എന്നത് സംബന്ധിച്ച് ധനകാര്യവകുപ്പിന് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിൻ മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഉണ്ട്. നിലവിലുള്ള നിയമപ്രകാരം ഇറക്കുമതി ചെയ്യപ്പെടുന്ന കോഴികൾക്ക് 10% നികുതി നൽകേണ്ടതുണ്ട്. മതിയായ രേഖകളില്ലാതെ കൊണ്ടുവരുന്ന കോഴികൾക്ക് നികുതിയുടെ ഇരട്ടി ജാമ്യസംഖ്യ ഈടാക്കിയാണ് സംസ്ഥാനത്തിനകത്ത് കടത്തി വിടുന്നത്.

(ബി കേരളത്തിൽ വളർത്തി വിപണനം ചെയ്യുന്ന ഇറച്ചിക്കോഴികളെ വില്പന നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

(സി) നികുതി വകുപ്പിന് നിവേദനം ലഭിച്ചിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്ന് കോഴിക്കുഞ്ഞുങ്ങളെ കേരളത്തിൽ കൊണ്ടുവന്ന് വളർത്തി വിറ്റാലും നിയമ പ്രകാരമുള്ള നികുതി ഒഴിവിന് അർഹതയുണ്ട്. കള്ളക്കടത്തായി നികുതി വെട്ടിപ്പു നടത്തി കോഴികളെ അന്യസംസ്ഥാനത്തിൽനിന്ന് കൊണ്ടുവരാൻ വാഹനം പിടിച്ചെടുക്കുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിച്ചു വരുന്നു.

സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളിലെ പരിശോധന

6 (*212) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വകാര്യ പണമിടപാടുസ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതാരാണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly